# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

## വിദ്യാലയത്തിന്റെ പ്രാഥമികവിവരങ്ങൾ

| | |
|---|---|
| **പേര്** | **: ഗവഃ യു പി സ്കൂൾ പാലകോട്** |
| സ്ഥാപിതം | : 1974 |
| സ്കൂൾ കോഡ് | : 13965 |
| ഗവൺമെന്റ്/ എയ്ഡഡ് | : ഗവൺമെന്റ് |
| വിലാസം | : ഗവ യു പി സ്കൂൾ പാലക്കോട്<br>(പി.ഒ) പാലക്കോട് രാമന്തളി പയ്യന്നൂർ<br>കണ്ണൂർ പിൻകോഡ് 670305 |
| ഫോൺ നമ്പർ | : 9544029102 |
| ഹെഡ്മിസ്ട്രസ് | : ശ്രീമതി. ബീന. ബി. പി |
| ഫോൺ നമ്പർ | : 04985 210990 |
| ഇ. മെയില് | : gupspalacode @gmail.com |
| ഗ്രാമപഞ്ചായത് | : രാമന്തളി |
| വിദ്യാഭ്യാസ ജില്ല | : പയ്യന്നൂർ |
| ബിൽഡിംഗ് | : താത്കാലിക കെട്ടിടം (മദ്രസ്സ കെട്ടിടം) |
| ആറാം പ്രവൃത്തി ദിനത്തിലെ കുട്ടികളുടെ എണ്ണം | : 41 |
| അധ്യാപകർ | : ഊർമ്മിള നന്ദനൻ (PT Hindi)<br>രമ്യ. ഇ. (UPST)<br>ആതിര. പി (UPST)<br>സാലിഹ. യു. വി (PT Arabic) |
| നിലവിലുള്ള കുട്ടികളുടെ എണ്ണം | |

| | |
|---|---|
| V | 13 |
| VI | 8 |
| VII | 20 |
| TOTAL | 41 |

# ജി.യു.പി.സ്കൂൾ പാലക്കോട്

## അക്കാദമികമാസ്റ്റർപ്ലാൻ

**ആമുഖം :**

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥി-കൾക്കും തുല്യതയിൽ ഉന്നതിയുള്ള ഗുണമേന്മവിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്രഗുണമേന്മ വിദ്യാഭ്യാസപദ്ധതി നടപ്പിലാക്കുന്നതിനായി അക്കാദമികപ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തേ-ണ്ടത് അനിവാര്യമാണ്. നമ്മുടെ വിദ്യാലയത്തിന്റെ പരിമിതി-കളും മേന്മകളും മനസ്സിലാക്കി നമുക്കു ലക്ഷ്യമിച്ച തരത്തിലുള്ള ഗുണമേന്മാവിദ്യാഭ്യാസം ലഭിക്കുന്നതിനായി അക്കാദമിക-പ്രവർത്തനങ്ങളും കാലാനുസൃതമായി മാറേണ്ടതുണ്ട്. അടിസ്ഥാനസൗകര്യങ്ങളും, പഠനത്തിനായി സാങ്കേതികവി-ദ്യയുടെ ഉപയോഗത്തിലൂടെയും, വൈവിധ്യമാർന്ന പഠനരീതികൾ അവലംബിച്ചുകൊണ്ടും, സാമൂഹികപങ്കാ-ളിത്തം ഉറപ്പുവരുത്തിക്കൊണ്ടും നമ്മുടെ വിദ്യാലയത്തിലും അക്കാദമികമാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുകയാണ്. ആ

മുസ്ലീം ഭൂരിപക്ഷപ്രദേശമായതുകൊണ്ടുതന്നെ മുഴുവൻ വിദ്യാർത്ഥികളും മുസ്ലീംമതവിഭാഗത്തിൽ നിന്നുള്ളവരാണ്. ഗ്രാമീണ-ഭൂരിഭാഗം പേരും പരമ്പരാഗതമത്സ്യത്തൊഴിലാളികളും ഗ്രാമീണ തൊഴിൽമേഖലയിൽ ജോലിചെയ്യുന്നവരുമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെങ്കിലും തങ്ങളുടെ കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ലഭിക്കണമെന്നാഗ്രഹിക്കുന്നവരാണ്. 1974 ൽ സ്ഥാപിതമായ പാലക്കോട് ഗവൺമെന്റ് യു.പി. സ്കൂൾ രാമന്തളി പഞ്ചായത്തിലെ തീരദേശത്തോട് ചേർന്നുകിടക്കുന്ന മാടക്കൽ പ്ലാറ, ഏഴിമല, സുൽത്താൻതോട്, പാലക്കോട്പുഴ, ജി.എം.എൽ.പി.സ്കൂൾ, അങ്കണവാടി, ബോട്ട് പോസ്റ്റോഫീസ് എന്നിവയ്ക്ക് സമീപമായി സ്ഥിതി ചെയ്യുന്നു. 8, 9, 10 വാർഡുകളിലെ പാലക്കോട്

കരമുട്ടം. ഓലക്കാൽ ഭാഗങ്ങളിൽ നിന്നുമുള്ള കുട്ടികളാണ്
ഈ വിദ്യാലയത്തിലെത്തുന്നത്.

ഇംഗ്ലീഷ് മീഡിയത്തിന് പ്രാധാന്യം നൽകുന്ന ഒരു
കൂട്ടം രക്ഷിതാക്കൾ ഈ വിദ്യാലയത്തിന് സമീപത്തായി
താമസിക്കുന്നു. ജുമാമസ്ജിദിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ
പ്രവർത്തിക്കുന്നതോടൊപ്പം തന്നെ ആധുനിക സമൂഹം വിഭാവനം
ചെയ്യുന്ന ഹൈടെക് സംവിധാനങ്ങൾ ഒന്നും തന്നെയില്ലാതെ
പരിമിതികൾകൊണ്ട് വീർപ്പുമുട്ടുന്ന ഈ വിദ്യാലയത്തെ അധിക-
രിച്ചാണ് ഇപ്പോൾ തയ്യാറാക്കിയ മാസ്റ്റർപ്ലാൻ. ഭൗതികസാഹചര്യ-
ങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം ഹ്രസ്വകാല, ദീർഘകാല കാഴ്ച-
പ്പാടോടെ ഈ മാസ്റ്റർപ്ലാനിന് തിരുത്തലുകളും കൂട്ടിച്ചേർക്കലു-
ആകാവുന്നതാണ്.

5, 6, 7 ക്ലാസ്സുകളിലായി ആകെ 41 വിദ്യാർത്ഥി-
വിദ്യാർത്ഥിനികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഒരു
പ്രധാന അധ്യാപികയും 2 പ്രൈമറി അധ്യാപികമാരും ഒരു
പാർട്ട്ടൈം അധ്യാപികയും (ഹിന്ദി) ഒരു പാർട്ട്ടൈം അധ്യാപി-
കയും (അറബിക്, ദിവസവേതനം) ഒരു ഓഫീസ് അറ്റൻഡന്റും ഉൾ-
പ്പെടെ 6 പേർ ജോലിചെയ്യുന്നു. നിലവിലുള്ള സാഹചര്യം
വെച്ചുകൊണ്ട് പരമാവധി മെച്ചപ്പെട്ട വിദ്യാഭ്യാസമാണ് ഇപ്പോൾ
നൽകിവരുന്നത്. എന്നിരുന്നാലും കുറേക്കൂടി മെച്ചപ്പെടേണ്ടത്
അനിവാര്യമാണ്, എന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ മാസ്റ്റർപ്ലാൻ
പൂർത്തിയാക്കുന്നത്. കലാ-കായികമേഖലകളിലും പ്രവൃത്തിപരിചയ
മേഖലകളിലും മികവാർന്ന വിജയം കരസ്ഥമാക്കണം എന്ന
ദീർഘവീക്ഷണത്തോടെ തയ്യാറാക്കിയ ഈ അക്കാദമിക-
മാസ്റ്റർപ്ലാൻ മാന്യരക്ഷിതാക്കളുടെ മുൻപാകെ സമർപ്പിക്കുന്നു.

* കാഴ്ചപ്പാട് *



★ **ലക്ഷ്യങ്ങൾ** ★

★ വരും വർഷങ്ങളിൽ ചിട്ടയോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായി നമ്മുടെ വിദ്യാലയം ഒരു സമ്പൂർണ്ണ ഹൈടെക് വിദ്യാലയമാക്കി മാറ്റുക.

★ ആധുനികലോകത്ത് ജീവിക്കുന്നതിനനുയോജ്യമായ രീതിയിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകി മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുക.

★ പഠിച്ചകാര്യങ്ങൾ സമൂഹത്തിനുതകുന്ന തരത്തിൽ പ്രയോജനപ്പെടുത്താൻ പര്യാപ്തമാക്കുക.

★ 5,6,7 ക്ലാസുകളിൽ നിന്ന് പഠിച്ചുപോകുന്ന വിദ്യാർത്ഥികൾക്ക് ഭാഷാവിഷയങ്ങളിൽ (LSRW) ശ്രവണം, ഭാഷണം, വായന ലേഖനം എന്നീ മേഖലകളിൽ പരിപൂർണ്ണത സ്വായത്തമാക്കുക.

★ VII ൽ നിന്ന് VIII ലേക്ക് പോകുന്ന വിദ്യാർത്ഥികളിൽ ഒരാൾക്കുപോലും ഒരാൾക്കുപോലും എഴുത്തും വായനയും അറിയാതെ പോകില്ല എന്ന് ഈ മാസ്റ്റർപ്ലാൻ ഉറപ്പുനൽകുന്നു.

★ അടിസ്ഥാനഗണിതവസ്തുതകൾ, അടിസ്ഥാനശാസ്ത്രവസ്തുതകൾ, സാമൂഹ്യപരമായ ഇടപെടലുകൾ എന്നിവ കുട്ടി സ്വായത്തമാക്കുമെന്ന് ഈ അക്കാദമിക മാസ്റ്റർപ്ലാൻ ഉറപ്പുനൽകുന്നു.

★ അക്ഷരസ്ഫുടതയോടെ വായിക്കാനും സഭാകമ്പമില്ലാതെ സംസാരിക്കുവാനും കുട്ടിക്ക് കഴിയുമെന്ന് ഉറപ്പാക്കുന്നു.

★ കലാപ്രവർത്തനങ്ങളിലും കായികപ്രവർത്തനങ്ങളിലും പ്രവൃത്തിപരിചയമേഖലകളിലും ഇടപെട്ട് അവരുടെ കഴിവുകളെ വികസിപ്പിക്കുവാൻ ഉള്ള നിരവധി പ്രവർത്തനങ്ങൾ

സംഘടിപ്പിക്കും എന്ന് അക്കാദമികമാസ്റ്റർപ്ലാൻ ഉറപ്പുനൽകുന്നു.

★ മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനും ആർജ്ജിത അറിവ് പ്രയോജനപ്പെടുത്തുവാനും കുട്ടി പ്രാപ്തനാകുമെന്ന് അക്കാദമികമാസ്റ്റർപ്ലാൻ ഉറപ്പുനൽകുന്നു.

★ ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യാനും ഇംഗ്ലീഷ് ഭാഷയോടുള്ള മനോഭാവത്തിൽ മാറ്റം വരുത്തുക.

★ മലയാളം, ഗണിതം, ശാസ്ത്രം, പ്രവൃത്തിപരിചയം, പരിസ്ഥിതി ഭൂമി, വായു, ജലം, ആവാസം, എന്നിവയിൽ തനിക്കുള്ള പങ്ക് ബോധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

★ സർവ്വോപരി 5,6,7 ക്ലാസുകളിൽ കുട്ടി നേടേണ്ടുന്ന പഠനനേട്ടങ്ങൾ നേടിയെന്ന് ഉറപ്പുവരുത്തുവാനും, വിലയിരുത്തുവാനും പോരായ്മകൾ പരിഹരിച്ച്, പരിഹാരബോധനത്തിനും അക്കാദമിക മാസ്റ്റർപ്ലാൻ ഉറപ്പുനൽകുന്നു.

[illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5,6,7 ക്ലാസുകളിലെ കുട്ടികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | [illegible] കഥകൾ, [illegible] നൽകൽ, വാക്കുകൾ ചേർത്ത് വാക്യങ്ങൾ നിർമ്മിക്കൽ, ചിത്രകാർഡ്, ചിത്രങ്ങൾ നൽകി വാക്യങ്ങൾ, കുറിപ്പുകൾ നിർമ്മിക്കൽ, കഥ പറയൽ, ചിത്രങ്ങൾ കാണിച്ച് കഥാരചിക്കൽ, ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്.<br>പ്രീ-ടെസ്റ്റ്- പോസ്റ്റ് ടെസ്റ്റ് | 3 മാസം<br>ജൂൺ മുതൽ ആഗസ്റ്റ് വരെ | അധ്യാപകർ<br>അധ്യാപകർ | PTA |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ്മുറിയിലെ വായന, ക്ലാസ് ലൈബ്രറിയിലെ വായന വായനാമത്സരങ്ങൾ സംഘടിപ്പിക്കുക, ചിത്രവായന, പത്രവായന, വായിച്ച പുസ്തകത്തിലെ അനുഭവം പങ്കുവെക്കൽ, വായനക്കുറിപ്പ് തയ്യാറാക്കൽ, വായനാപ്പതിപ്പ് തയ്യാറാക്കൽ, വിദ്യാരംഗം കലാസാഹിത്യവേദി, സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ. വായനാസാമഗ്രികൾ വികസിപ്പിക്കൽ ഇ-വായന, കവിതാലാപനം, കഥാസ്വാദനം. | ജൂൺ മുതൽ ഡിസംബർ വരെ | [illegible] ലൈബ്രറി<br>ക്ലാസ്മുറിയിലെ വായന പത്രങ്ങൾ | |
| കുട്ടിയിലെ സർഗ്ഗവാസനകൾ വളർത്തുക. വിവിധ സാഹിത്യകാരന്മാരെ പരിചയപ്പെടൽ | പുസ്തകചർച്ച, ക്ലാസ് ലൈബ്രറി, വായനക്കുറിപ്പ് തയ്യാറാക്കൽ, മാഗസിൻ തയ്യാറാക്കൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, അസംബ്ലിയിലെ അവതരണം, സാഹിത്യകാരന്മാരെക്കുറിച്ച് കുറിപ്പ് തയ്യാറാക്കി പരിചയപ്പെടുത്തൽ ചിത്രഗ്യാലറി. | ജൂൺ മുതൽ [illegible] മാർച്ച് വരെ | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്ത്, കല തുടങ്ങിയ സർഗ്ഗവാസനകൾ വളർത്തുക. | പുസ്തകചർച്ച, ക്ലാസ്‌ലൈബ്രറി, വായനാക്കുറിപ്പ് തയ്യാറാക്കൽ, മാഗസിൻ തയ്യാറാക്കൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, അന്താക്ഷരി അവതരണം, സാഹിത്യകാരന്മാരെക്കുറിച്ച് കുറിപ്പു തയ്യാറാക്കി പരിചയപ്പെടുത്തൽ, | ജൂൺ മുതൽ മാർച്ച് വരെ | | |
| ഭിന്നശേഷിക്കാരെ പരിഗണിക്കൽ | Special educator ആയ അധ്യാപകരുടെ സേവനങ്ങൾ ഉപയോഗിച്ചുള്ള പഠനം. | | | |
| ഭാഷാശേഷി വികാസം. പദസമ്പത്ത് വളർത്താനും. ആശയസംവേദനം നടത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് ഉച്ചാരണശുദ്ധി വരുത്തുന്നു. പത്രവായന, പദസമ്പത്ത്, അറിവ് വർദ്ധന, പുതിയ വാക്യങ്ങളുടെ നിർമ്മാണം എന്നീ പ്രക്രിയകൾ നടക്കുന്നു.<br>സാഹിത്യസദസ്സുകൾ, പുസ്തകക്രോഡീകരണം, ലൈബ്രറി പിരീയഡുകളിലൂടെ അധ്യാപികയുടെ സഹായത്തോടെ കുറിപ്പ് തയ്യാറാക്കൽ പ്രോത്സാഹനം നൽകൽ എന്നീ പ്രക്രിയകൾ നടക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |

# ഹിന്ദി



പൊതുവായ ലക്ഷ്യങ്ങൾ

സ്കൂളിലെ എല്ലാ കുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക.

ഓരോ യൂണിറ്റിലും പഠിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പുവരുത്തുക

ഹിന്ദിഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

ഭിന്നശേഷികുട്ടികളെ പരിഗണിച്ച് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വികസനം |
|---|---|---|---|---|
| യു.പി ക്ലാസുകളിലെ കുട്ടികൾക്ക് ഹിന്ദിഭാഷ ഫലപ്രദമായി വായിക്കുവാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | പുതിയ പദങ്ങൾ, കവിതകൾ ആവർത്തിച്ച് ചൊല്ലി അതിൽ വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ. അക്ഷരക്കാർഡുകൾ നൽകൽ അക്ഷരങ്ങൾ ഉറക്കെ വായിക്കൽ. | ജൂൺ | ഹിന്ദി അധ്യാപിക | PTA |
| | ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം പരിചയപ്പെടുത്തുന്നു. കുട്ടികളുടെ പേര് സ്വന്തമായി ഹിന്ദിയിൽ എഴുതാൻ പഠിപ്പിക്കുന്നു. | ജൂലൈ | " | |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വികസനം |
|---|---|---|---|---|
| LSRW പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക<br>അക്ഷരജ്ഞാനം, കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുക. | കേട്ടെഴുത്ത്, പദസൂര്യൻ പ്രശ്നോത്തരി, വർക്ക്ഷീറ്റുകൾ നൽകുന്നു. അക്ഷരകാർഡുകൾ തയ്യാറാക്കുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകഥ, കവിത വായനയ്ക്കായി നൽകുന്നു. | ആഗസ്റ്റ്<br>നവംബർ | ഹിന്ദി അധ്യാപിക | പി.ടി.എ. |
| 6,7 ക്ലാസ്സുകളിൽ ഹിന്ദി എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിശീലനം നൽകൽ | - വർക്ക് ഷീറ്റുകൾ നൽകുന്നു. സുരീലി ഹിന്ദി കവിതകളിലൂടെ കുന്നു പ്രവർത്തനങ്ങളിലൂടെ പഠനം മുന്നോട്ടു കൊണ്ടുപോകുന്നു. | ആഗസ്റ്റ് | ഹിന്ദി അധ്യാപിക | |
| ഹിന്ദി ഭാഷയിലെ ആശയങ്ങൾ വിവിധ തരത്തിൽ അവതരിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.<br>ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ. | കവിത ചൊല്ലൽ, പോസ്റ്റർ നിർമ്മാണം, കഥ, കവിത, രചനകൾ, എന്നിവ സംഘടിപ്പിക്കുന്നു. പാഠഭാഗം ആസ്പദമാക്കിയും മറ്റു പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയും ഹിന്ദി ദിനത്തിന്റെ പ്രവർത്തനങ്ങൾ ക്ലാസ്സ്റൂമുകളിൽ അവതരിപ്പിക്കുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപിക | |

| | | | | |
|---|---|---|---|---|
| ഭാഷയിൽ സ്വന്തമായ ഇടപെടൽ നടത്താനുള്ള പരിശീലനം നൽകൽ | ഹിന്ദി അസംബ്ലി, ഹിന്ദി പ്രതിജ്ഞ ദേശഭക്തിഗാനം, പത്രവാർത്ത, പദ്യം കവിതാലാപനം, തുടങ്ങിയവയുടെ അവതരണം. | ആഗസ്റ്റ് മുതൽ മാർച്ച് വരെ. | ഹിന്ദി അധ്യാപിക | |
| ഹിന്ദി വായനയെ പ്രോത്സാഹിപ്പിക്കുക | ക്ലാസ്സ് ലൈബ്രറി, ലഘുവായന. പതിപ്പുകൾ തയ്യാറാക്കൽ, ഹിന്ദി പ്ലക്കാർഡ്, ദിനപത്രിക തയ്യാറാക്കൽ | " | " | |
| സാഹിത്യാഭിരുചി, ഹിന്ദി പഠനോത്സവം, സർഗ്ഗാത്മക പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക | കുട്ടികളുടെ മികച്ച ഉല്പന്നങ്ങളുടെ പ്രദർശനം, റോൾപ്ലേ, ദൃശ്യാവിഷ്കാരം, ലഘുനാടകം മുതലായവയുടെ അവതരണം. | " | " | |

## മേഖല യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു. | Lend your ear<br>ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.<br>Follow me if you can.<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ ജൂലൈ<br><br>ജൂലൈ | ഇംഗ്ലീഷ് അധ്യാപിക. | ഇംഗ്ലീഷ് ക്ലബ് |

| | | | | |
|---|---|---|---|---|
| | **Breaking News**<br>ഇംഗ്ലീഷ് റേഡിയോവാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു.<br>**Missing Man.**<br>അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു. | മാസം തോറും<br><br>ആഗസ്റ്റ് സപ്തംബർ | ഇംഗ്ലീഷ് അധ്യാപിക | |

| | | | | |
|---|---|---|---|---|
| | **Anchoring. English Assembly**<br>ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ anchoring പരിശീലനം സാധ്യമാക്കാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപിക | |
| 2. ഭാവാത്മക വായന പ്രോത്സാഹിപ്പിക്കുന്നു. | **One man show.**<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു.<br>**Reader of the day.**<br>ഇംഗ്ലീഷ് ദിനപത്രം വായിക്കുവാനുള്ള അവസരം നൽകുന്നു.<br>**Reader of the month.**<br>ഇംഗ്ലീഷ് ദിനപത്രം - മികച്ച വായനക്കാരൻ/വായനക്കാരിയെ കണ്ടെത്തുന്നു.<br>**Learning Ladder.**<br>പാഠഭാഗത്തിൽനിന്നും തിരഞ്ഞെടുത്ത കൂട്ടുവാക്കുകൾ ചാർട്ടിലെ പുതി കണ്ണാടിയിൽ നിന്നും | ഡിസംബർ<br><br><br><br>മാസംതോറും | | |

| | | | | |
|---|---|---|---|---|
| | വായിക്കുവാൻ അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് സമ്മാനം നൽകുന്നു.<br><br><u>FM Corner</u><br>കുട്ടികളുടെ വ്യത്യസ്തമായ കഴിവുകൾ FM radio യിലൂടെ അവതരിപ്പിക്കുന്നു.<br><br><u>I Too can.</u><br>വ്യത്യസ്തതലങ്ങളിലായി വിവിധ വായനാകാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൾ കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (Simple to Complex) | സെപ്തംബർ– ഡിസംബർ<br><br>ജൂലൈ | ഇംഗ്ലീഷ് അധ്യാപിക. | |
| 3. തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | <u>My Droplets.</u><br>കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, ഡിക്ഷ്ണറി തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപിക. | |

| | | | | |
|---|---|---|---|---|
| | **Alert Zone.**<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമിലുമായി പ്രദർശിപ്പിക്കുന്നു.<br>**Run Baby Run.**<br>ക്ലാസിനെ ഗ്രൂപ്പുകളാക്കി ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും അധികം വാക്കുകൾ/ വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ അനുമോദിക്കുന്നു.<br>**Fun time Funda.**<br>കടംകഥകൾ, riddles, Cartoons എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഫെബ്രുവരി<br><br>ആഴ്ചതോറും | | |

| | | | | |
|---|---|---|---|---|
| 4. ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp.<br>ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും വിദഗ്ധരെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ചു ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു. | | | |

## * UP സാമൂഹ്യശാസ്ത്രം *

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | സ്വാതന്ത്ര്യ-വിലയിരുത്തൽ |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രാവബോധം വളർത്തിയെടുക്കുന്നു. | - സാമൂഹ്യശാസ്ത്രക്ലബ്ബ് രൂപീകരണം. | സാമൂഹ്യശാസ്ത്രക്ലബ്ബ് | ജൂൺ | |
| 2) പ്രാദേശിക ചരിത്ര രചനയിലൂടെ ചരിത്രാവബോധം വളർത്തുന്നു. | - സ്കൂളിലും പരിസരങ്ങളിലുമുള്ള ചരിത്രശേഷിപ്പുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തൽ.<br>- വിവരശേഖരണത്തിനായി അഭിമുഖം, സന്ദർശനം. | സാമൂഹ്യ-ശാസ്ത്രക്ലബ്ബ് | ജൂൺ-ജൂലൈ. | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | - ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | സാമൂഹ്യ-ശാസ്ത്ര അധ്യാപിക | ജൂലൈ | |
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി-രക്ഷാപ്രവർത്തനങ്ങളിൽ | - പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് ദൃശ്യ-മാധ്യമങ്ങളിലൂടെ മനസിലാക്കി പതിപ്പ് തയ്യാറാക്കുന്നു. രക്ഷാപ്രവർത്തനങ്ങളെ | സാമൂഹ്യ-ശാസ്ത്ര അധ്യാപിക | ജൂൺ to മാർച്ച് | |

| | | | | |
|---|---|---|---|---|
| ഏർപ്പെടാൻ ബോധവാന്മാരാകുന്നു | കുറിച്ച് ബോധവാന്മാരാകുന്നു | സാമൂഹ്യശാസ്ത്ര അധ്യാപിക | ജൂൺ to മാർച്ച് | |
| 5) പൊതുവിജ്ഞാനം വർധിപ്പിക്കുന്നു | - പത്രവാർത്താ വായന, ബുള്ളറ്റിൻ ബോർഡ്, പതിപ്പ്, കവിത വായന, ക്വിസ് മത്സരം, ചരിത്ര ലൈബ്രറി; ദിനാചരണങ്ങൾ- ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | ജൂൺ to മാർച്ച്. | |
| 6) ശാസ്ത്രീയ വീക്ഷണ കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | - കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിക്കുന്നു.<br>- ഫീൽഡ് ട്രിപ്പ് നടത്തുന്നു.<br>- റിപ്പോർട്ട് തയ്യാറാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | ജൂൺ to മാർച്ച്. | |
| 7) രാജ്യസ്നേഹം വളർത്തുന്നു. | - ചരിത്രപ്രാധാന്യമുള്ള ദിനങ്ങളുടെ ആചരണം, ചിത്രപ്രദർശനം, ദേശഭക്തിഗാനാലാപനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | ജൂൺ to മാർച്ച്. | |

# UP ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക-വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത-ക്രിയകൾ ഉറപ്പിക്കുന്നു. | - സംഖ്യാബോധം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>- വർക്ക്ഷീറ്റുകൾ, സ്ഥാനവില പോക്കറ്റുകൾ സംഖ്യാബോർഡുകൾ, ചാർട്ടുകൾ, സങ്കലന വ്യവകലന കാർഡുകൾ.<br>- വിവിധ ഗണിതക്കളികൾ.<br>- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | ജൂൺ to മാർച്ച് | ഗണിത-അധ്യാപകർ | |
| 2) ഗണിത പഠനത്തിൽ അഭിരുചി വളർത്തുക. | - ഗണിതകളികൾ, കുസൃതിക്കണക്ക്, മനക്കണക്ക്, പസിലുകൾ, കുസൃതി-ക്കണക്കുകൾ എന്നിവ അസംബ്ലികളിൽ ഉൾപ്പെടുത്തുന്നു.<br>- നമ്പർ ചാർട്ട് പ്രദർശിപ്പിക്കുക.<br>- പഠനോപകരണ നിർമ്മാണം. | ജൂൺ to മാർച്ച് | ഗണിത-അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | - ഗണിത ശാസ്ത്രജ്ഞന്മാർ - ചിത്രങ്ങൾ, ജീവചരിത്രക്കുറിപ്പ് - പ്രദർശനം. | ജൂൺ to മാർച്ച് | ഗണിത-അധ്യാപകർ | |
| 3) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുക. | - ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നു. | ജൂൺ to മാർച്ച് | ഗണിത-അധ്യാപകർ | |
| 4) ഗണിതത്തിൽ താൽപര്യം വർധിപ്പിക്കുന്നു. | - അതിഥി ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>- ശിൽപശാലകൾ സംഘടിപ്പിക്കുന്നു. | " | ഗണിത-അധ്യാപകർ. | |
| 5) വിവിധ ശേഷികളുടെ വികസനം. | - ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. | ജൂൺ to മാർച്ച് | ഗണിത-അധ്യാപകർ | |
| | | | | |

# ×..... UP അടിസ്ഥാനശാസ്ത്രം .....×

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക-വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | - വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, കണ്ടൽക്കാട് നിരീക്ഷണം, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, സമീപപ്രദേശങ്ങളിലെ ആവാസവ്യവസ്ഥകൾ സന്ദർശനം. | ജൂൺ മുതൽ | ശാസ്ത്ര-അധ്യാപിക<br>ശാസ്ത്രക്ലബ്ബ് | |
| | - പരീക്ഷണക്കളരി - നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങൾ ക്ലാസ്തലത്തിലും അസംബ്ലികളിലും അവതരണം. | ജൂൺ മുതൽ | | |
| | - പച്ചക്കറി-പൂന്തോട്ട നിർമ്മാണം.<br>സ്കൂൾ പരിസരത്തും മറ്റുമായി വിവിധ പച്ചക്കറികളും പൂച്ചെടികളും നട്ട് വളർത്തി പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ ഒരുക്കുന്നു. | | | |

| | | | | |
|---|---|---|---|---|
| * ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുവാനുള്ള ശേഷി വർദ്ധിപ്പിക്കുക. | * പ്രോജക്ട് നിർമ്മാണം - വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം. | ശാസ്ത്ര-അധ്യാപകർ സയൻസ് ക്ലബ്. | |
| | * ശാസ്ത്രോത്സവം - ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂളിൽ ശാസ്ത്രോത്സവം സംഘടിപ്പിക്കുക. | ,, | | |
| * ശാസ്ത്രരംഗത്തെ - നൂതന അംശങ്ങൾ ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | * കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ വിതരണം ചെയ്യുന്നു. | | | |

| | | | | |
|---|---|---|---|---|
| * പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോന്മുഖത വർധിപ്പിക്കൽ. | * ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രജ്ഞരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി - ബന്ധപ്പെട്ട കൂടുതൽ അറിവുകൾ - എന്നിവയുടെ വീഡിയോ പ്രദർശനം. | | | |

## അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി ഭാഷയിൽ പാഠസമ്പത്തുണ്ടാക്കൽ | അക്ഷരങ്ങൾ, ചിത്രങ്ങൾ, വീഡിയോ ക്ലിപ്പുകൾ എന്നിവ ഉചിതമായ രീതിയിൽ ഉപയോഗിച്ച് ഭാഷ സമ്പത്തുണ്ടാക്കൽ | June 1 to July 30th | Arabic Tr H.M | 2000/- |
| LSRW ന് പ്രാധാന്യം നൽകുക | - pre-Test നടത്തുക<br>- കുട്ടികളുടെ പഠനനിലവാരം രേഖപ്പെടുത്തുക<br>- നൽകേണ്ട നൈപുണ്യം കണ്ടെത്തുക.<br>- ഉചിതമായ പഠനതന്ത്രം ഉപയോഗപ്പെടുത്തുക | Aug 1 to 30 th | Arabic Tr H.M | 1000/- |
| ഭിന്നശേഷിക്കാരെ പരിഗണിക്കുക. | പഠനം പിന്നോക്കം നിൽക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് IED അധ്യാപകരുടെ സഹായത്തോടെ മെച്ചപ്പെട്ട പഠനതന്ത്രങ്ങൾ, വേണ്ട Teaching Aids കൾ എന്നിവ കണ്ടെത്തി ഉപയോഗിക്കുന്നു. | June 1 to March 31 | | 4000/- |
| അറബി ഭാഷയിൽ കൂടുതൽ നേടാൻ വിദ്യാർത്ഥികളെ സഹായിക്കുക | Language laboratory, Arabic Radio, work sheet കൾ, വീഡിയോകൾ, Arabic Channel എന്നിവയും ഉപയോഗപ്പെടുത്തുക | Nov 1 to December 31th | Arabic Tr | 8000/- |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നോട്സ് ചെയ്യുക | നോട്സ് എഴുതാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുക.<br>പിന്നോക്കക്കാർക്ക് ഉചിതവും ആകർഷണീയവുമായ നോട്ടുകൾ നൽകുന്നു. | Jun 1 to March 31st | Arabic language Tr | 2000/- |
| വിദ്യാർത്ഥികളിൽ വായനാശീലം വർദ്ധിപ്പിക്കുക | വായനാശീലം വർദ്ധിപ്പിക്കുന്നതിന് അറബിക് ക്ലാസ്സ് റൂം ലൈബ്രറി കോർണർ സജ്ജീകരിക്കുക. ഇതിനായി സംഭാവനയും ആകർഷണീയമായ പുസ്തകങ്ങൾ ഒരുക്കുക. | June 1 to Aug 31st | Arabic Tr | 2000/- |
| അറബിക് ഭാഷയോട് കൂടുതൽ താൽപര്യം വളർത്തുന്നതിന് ഭാഷ സംബന്ധമായ പ്രകാശന പ്രവർത്തനങ്ങൾ നടത്തുക. | അന്താരാഷ്ട്ര അറബിക് ദിനത്തോടനുബന്ധിച്ച് വ്യത്യസ്തമായ രീതിയിൽ അറബിക് ഫെസ്റ്റ്, എക്സിബിഷൻ. അറബിക് കലോത്സവം എന്നിവ. ലൈവ് സ്വാഗതം പ്രദർശനവും ഇതിന്റെ ഭാഗമായി അറബിക് ഭാഷയിൽ വായനാ കാർഡുകൾ, പതിപ്പുകൾ, ചുമർ മാസികൾ എന്നിവയുടെ പ്രദർശനത്തിന് ഒരുക്കും. | Nov 1 to March 31 | Arabic Tr | 2000/- |

## കലാവിദ്യാഭ്യാസം, പ്രവൃത്തി പരിചയം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] |
| --- | --- | --- | --- | --- |
| ★ സൗന്ദര്യത്തിന്റെ പ്രേരകമായി പ്രവർത്തിക്കുന്ന ഒന്നാണ് കല എന്ന തിരിച്ചറിവ്. | ചിത്രരചന ക്ലാസിൽ, ജലച്ചായം, ക്രയോൺ പ്രകൃതിദത്തചായങ്ങൾ ഉപയോഗിച്ച് പ്രാഥമിക ദ്വിതീയ തൃതീയ വർണ്ണങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട്. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| ★ വർണ്ണം, രൂപം, രേഖാ ചലനങ്ങൾ തുടങ്ങിയവയുടെ പ്രയോഗത്തിൽ നിപുണത നേടുന്നു. | ശില്പശാലകൾ സംഘടിപ്പിക്കുക. | | | |
| ★ ചിത്രരചനയിലൂടെ സർഗ്ഗാത്മകത കൈവരിക്കൽ | സർഗ്ഗസൃഷ്ടികളെക്കുറിച്ച് കുറിപ്പ്, വിവരണം തയ്യാറാക്കൽ<br>കൊളാഷ്, കാർട്ടൂൺ, കാരിക്കേച്ചർ, ചിത്രങ്ങൾ നിർമ്മാണം. | " | " | |
| ★ നൃത്തനൃത്യങ്ങൾ, പരമ്പരാഗത കലകൾ തിരിച്ചറിയുന്നു. | തിരുവാതിര, ഒപ്പന, മാർഗ്ഗംകളി, നാടൻപാട്ടുകളുടെ അവതരണം എന്നിവ അഭ്യസിക്കാനും കാണാനും അവസരം. | | | |

| | | | | |
|---|---|---|---|---|
| മാനവശേഷി വികസനം.<br>ദേശീയ പുരോഗതി, തൊഴിൽ സന്നദ്ധത, സന്തുലിതവ്യക്തിത്വവികസനം. | സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ കൂട്ടായി പ്രവർത്തിക്കാനുള്ള അവസരം ഒരുക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| ആഹാരവും കൃഷിയും<br>ചെലവ് കുറഞ്ഞ പോഷകാഹാര നിർമ്മാണം. | പച്ചക്കറി കൃഷിക്ക് പ്രാധാന്യം നൽകി സ്കൂളിൽ ജൈവപച്ചക്കറിത്തോട്ടം നിർമ്മിക്കൽ. | | | |
| | പഴം, പച്ചക്കറികൾ മുതലായവ ഉപയോഗിച്ച് ജാം, സ്ക്വാഷ്, അച്ചാർ പാനീയങ്ങൾ എന്നിവയുടെ നിർമ്മാണം. | " | " | |
| | ഇലകൾ, പച്ചക്കറികൾ ഉപയോഗിച്ച് തോരൻ, വറവ് പാകം ചെയ്യൽ | | | |
| കലാവാസനയുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹനം നൽകുക. | സ്കൂൾതലത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ച് വിജയിച്ച് സബ്ജില്ല-ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക. | " | " | |

| | ആരോഗ്യ കായിക വിദ്യാഭ്യാസം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളിൽ നേതൃത്വഗുണം, അച്ചടക്കശീലം, നിയമങ്ങളെ അനുസരിക്കാനുള്ള മനോഭാവം.<br>→ കായിക ഉപകരണങ്ങൾ പരിചയപ്പെടൽ<br>→ കായികക്ഷമത വർദ്ധിപ്പിക്കൽ | ★ ഫ്രീഹാൻഡ് എക്സർസൈസ്, ഡ്രിൽ, മാർച്ച്, റിഥമിക് ആക്ടിവിറ്റീസ്, സിമ്പിൾ<br>★ എക്സർസൈസ്.<br>★ യോഗ പരിശീലനങ്ങൾ<br>★ എയറോബിക്സ്, സുംബ ഡാൻസ് സ്കിപ്പിംഗ്, ഷോട്ട്പുട്ട്, ഡിസ്ക്, ജാവലിൻ ഫുട്ബോൾ പരിശീലനം നൽകുക. | ജൂൺ to മാർച്ച് | അധ്യാപകർ | |
| കായിക പ്രകടനത്തിൽ ഏർപ്പെടുമ്പോൾ ശരീരത്തിനുണ്ടാവുന്ന അവസ്ഥാന്തരങ്ങൾ പരിശോധിക്കുന്നു. | ★ ഹൃദയമിടിപ്പ് പരിശോധന കളിക്കുന്നതിന് മുമ്പും പിമ്പും പൾസ് രേഖപ്പെടുത്തൽ ശരീരോഷ്മാവ്, വിയർപ്പ്, കിതപ്പ് എന്നി ലക്ഷണങ്ങളുടെ പരിശോധന<br>★ ശബ്ദം, ചടുലത, തുലനബോധം, ചുവടുവെയ്പ് തുടങ്ങിയ ശാരീരികചലനങ്ങളുടെ ഏകോപനം വഴി ഹൃദയചലനങ്ങളുടെ ക്ഷമത- ഹൃദയാരോഗ്യവർധന | ജൂൺ to മാർച്ച് | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ★ സ്കൂൾ അസംബ്ലി<br>★ പകർച്ചവ്യാധികൾ പ്രതിരോധമാർഗ്ഗം എന്നിവയെക്കുറിച്ചുള്ള ധാരണ. | → പ്രാർത്ഥന, പ്രതിജ്ഞ, പത്രവാർത്ത, സ്പീച്ച്. സന്ദർഭങ്ങൾ ദിനാഘോഷങ്ങൾ, സ്കൂൾ പ്രവർത്തനങ്ങൾ, വിവരങ്ങൾ, അനൗൺസ്മെന്റ് നടത്തുക. ആനുകാലികപ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ<br>" | |
| ★ കുട്ടികളിൽ നല്ല ആരോഗ്യശീലവും ശുചിത്വശീലവും ഉണ്ടാക്കിയെടുക്കുക. | രക്ഷിതാക്കൾക്കും കുട്ടികൾക്കും ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ബോധവത്കരണക്ലാസ്, സെമിനാർ ക്വിസ്, രോഗപ്രതിരോധകുത്തിവയ്പ്പ് മുതലായവ നടത്തുക. | " | " | |
| ★ ആഹാരശീലങ്ങൾ രോഗപ്രതിരോധ ശേഷി ഉണ്ടാക്കിയെടുക്കുക. | സമീകൃതാഹാരത്തെക്കുറിച്ച് അറിവ് നൽകുന്ന ക്ലാസ്. | " | " | |
| ★ അച്ചടക്കം, ദയ, ക്ഷമ, വിധേയത്വം, പെരുമാറ്റം, ജനാധിപത്യബോധം. | നാടൻകളികളിൽ ഏർപ്പെടുന്നു. വിവിധതരം കായിക-മത്സരങ്ങളിൽ ഏർപ്പെടുന്നു. ആരോഗ്യകരമായ ചിന്തകൾ ഉണ്ടാക്കുന്നു. മൈനർ ഗെയിമുകൾ. | " | " | |